12620
27/11/20

**GOVERNMENT OF KERALA**

**Abstract**

Power Department – Cancellation of allotment of Madatharuvi (1 MW) SHEP to M/s PEMS Engineering Consulting Pvt. Ltd and to return 75% of total premium after retaining the balance of 25% in Government - Sanction accorded - Orders issued.

**POWER (B) DEPARTMENT**

**G.O.(Ms)No.8/ 2020/POWER Dated, Thiruvananthapuram, 24/11/2020.**

Read:- 1. GO(P))No.25/2012/PD dated 03/10/2012.

2. G.O (Ms) No.23/2014//PD dated 21/07/2014.

3. Letter No.PEMS/2019-20/SHP/306 dated 17.09.2019 from Managing Director, M/s PEMS Engineering Consulting Pvt. Ltd

4. Letter No.EMC/SHP/2017/ S3/01/20 dated 16.03.2020 from Director, Energy Management Centre.

**ORDER**

As per the Small Hydro Power Policy, 2012 issued vide G.O read as 1st paper above, Madatharuvi (1 MW) SHEP was alloted to M/s PEMS Engineering Consulting Pvt. Ltd on BOOT basis for 30 years from the date of execution of implementation agreement with Government through competitive bidding route vide G.O read as 2nd paper above .

Managing Director, PEMS Engineering consulting Pvt.Ltd vide letter read as 3rd paper above has requested Government to cancel the allotment of Madatharuvi SHEP and to return the premium amount of 22 lakhs with compensation and interest since there are practical difficulties to proceed with the project.

Madatharuvi SHEP (1 MW) was allotted to EMS Engineering consulting Pvt.Ltd @ 22 lakhs / 1MW. The company has remitted 50 % of total premium (11 lakhs) as first installment within one month of letter of allottment and the balance 50% at the time of submission of TEFR [Techno Economic Feasibility Report] (within 15 months) in line with the conditions of implementation agreement. During bidding process the developer was given details furnished by Investigation Field Division under KSEBL investigation Circle, Kothamangalam. The details for the project included only private land and not Revenue/Forest land required.

It is the responsibility of allotted company to prepare DPR (Detailed Project Report) of the project allotted on BOOT Basis. Even at the time of submission of DPR by the company, there was no reference on Revenue/Forest land.

At the time of detailed survey of private land for the project, it was brought into the attention of the company that there is some portion of land leased out by Rubber Board of Central Government from Forest Department. At the time of preparation of DPR the said land was not considered. Legally, permission from Forest Department have to be obtained again for transferring land already leased out to another institution.

As per clause 5.1 of Article 5 of implementation agreement, necessary clearances have to be obtained by the Company within 33 months of execution of implementation agreement between the company and the Government. Therefore it is under the obligation of the company to obtain necessary clearances for the project.

The developers have intimated to SHP Cell of EMC that there is inordinate delay in obtaining forest clearance for both Private and Government Projects including above project. This has been reviewed by High Level Committee chaired by Chief Secretary and necessary instructions have been issued in this regard.

At the time of furnishing application to Ministry of Environment, Forest and Climate Change through State Forest Department for getting Forest land on lease, the District Collector concerned should have reported to Forest Department that the proposed Forest Land does not include in the land of Tribal Settlement. Even though the developer submitted online application at MOEF & CC for forest clearance, State Forest Department had not recommended the same to MOEF & CC since District Collector, Pathanamthitta did not furnish the recommendation letter that tribals need not be rehabilitated, due to the implementation of the project. MOEF & CC had informed State Forest Department on 20.10.2018 and 14.08.2019 respectively that the details in this regard have not been obtained from State Government.

Subsequently District Collector, Pathanamthitta had intimated Tribal Development Officer, Pathanamthitta that as per Forest Conservation (Amendment) Rules, 2016, permission of Gramasabha having jurisdiction over the proposed Forest Land is necessary for taking further action in this regard. Though the proposed forest land is under the possession of Rubber Board, State Forest Department could not forward the proposal to MOEF & CC till date citing the above rules. This project with approved DPR on 15/09/2015 and implementation agreement with Government has already been delayed for five years. So even if forest clearance is obtained the project may require one more year for completion, which led to cost escalation and limiting the BOOT period to 24 years.

Director, EMC vide letter read as 4$^{th}$ paper above has recommended to cancel the allotment of the project and to return 75% (16.50 lakhs) out of total premium of Rs. 22 lakhs to M/S PEMS Engineering Consulting Pvt. Ltd, after retaining 25% with Government considering delay in forest clearance as Government Event of Default, as per Implementation Agreement.

Government have examined the matter in detail and are pleased to accord sanction for the cancellation of allotment of Madatharuvi (1 MW) SHEP and to return 75% amount (16.50 lakhs) out of total premium of 22 lakhs to M/s PEMS Engineering Consulting Pvt. Ltd. after retaining the balance of 25% amount in Government.

By Order of the Governor
**DR.DINESH ARORA**
**SECRETARY**

To

The Chairman & Managing Director, Kerala State Electricity Board Limited, Thiruvananthapuram.
The Director, Energy Management Centre, Thiruvananthapuram.
The Principal Accountant General (Audit), Thiruvananthapuram.
The Accountant General (A&E), Thiruvananthapuram.
Managing Director, PEMS Engineering consulting Pvt.Ltd ( Through Director, Energy Management Centre).
The GA (SC) Department ( vide item No.4356 dated 18.11.2020) .
The Information and Public Relations Department (Web and new media division).
Stock File/Office Copy.

Forward / By Order

Section Officer

-23-

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-11-2020**

ഫയൽ നം. 112/ബി1/2019/ഊ.വ. ഇനം നം: 4356

വിഷയം : ഊർജ്ജ വകുപ്പ് പി.ഇ.എം.എസ്. എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിച്ച മാടത്തരുവി (1 MW) ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദു ചെയ്ത് ആകെ പ്രീമിയം തുകയായ 22 ലക്ഷം രൂപയുടെ 25% സർക്കാരിൽ നിലനിർത്തി ബാക്കി 75% (16.50 ലക്ഷം രൂപ) തിരികെ നൽകാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം.

34) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപകർപ്പ്)

18/11/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഊർജ്ജ വകുപ്പ്.

15(1)

19/11

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

4356

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 112/ബി1/2019/ഊ.വ |
| 2. | വകുപ്പ് | ഊർജ്ജ (ബി) വകുപ്പ് |
| 3. | വിഷയം | പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിച്ച മാടത്തരുവി (1 MW) ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദ് ചെയ്ത് ആകെ പ്രീമിയം തുകയായ 22 ലക്ഷം രൂപയുടെ 25% സർക്കാരിൽ നിലനിർത്തികൊണ്ട് ബാക്കി 75% (16.50ലക്ഷം രൂപ) തിരികെ നൽകാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31/07/2020 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ; | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശ്രീജ.വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. ദിനേശ് അറോറ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/09/2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/10/2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ .എം .എം മണി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13/11/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

20) 1). പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിച്ച മാടത്തരുവി (1 MW) ചെറുകിട ജലവൈദ്യുത പദ്ധതി റദ്ദ് ചെയ്ത് ആകെ പ്രീമിയം തുകയായ 22 ലക്ഷം രൂപയുടെ 25% സർക്കാരിൽ നിലനിർത്തിക്കൊണ്ട് ബാക്കി 75% (16.50 ലക്ഷം രൂപ) തിരികെ നൽകാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

21) 2). മാടത്തരുവി പദ്ധതിയുമായി മുന്നോട്ട് പോകുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുള്ളതിനാൽ പ്രീമിയമായി നിക്ഷേപിച്ച 22 ലക്ഷം രൂപയും നഷ്ടപരിഹാര തുകയും പലിശയും നൽകി കരാർ റദ്ദാക്കുന്നതിന് അനുകൂലമായ ഉത്തരവുണ്ടാകണമെന്നും പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൽട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

22) 3). 2012 ലെ ചെറുകിട ജലവൈദ്യുത പദ്ധതി നയ പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 21.07.2014 ലെ സർക്കാർ ഉത്തരവ് GO.(Ms) No.23/2014/PD പ്രകാരം പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൽട്ടന്റ് പ്രൈവറ്റ് ലിമിറ്റഡി (PEMS) ന് അനുവദിച്ച പദ്ധതിയാണ് 1 MW ന്റെ മാടത്തരുവി (പത്തനംതിട്ട ജില്ല) ചെറുകിട ജലവൈദ്യുത പദ്ധതി. 1 MW ന് ഇരുപത്തിരണ്ട് ലക്ഷം രൂപ നിരക്കിൽ പ്രീമിയം തുകയായി പരിഗണിച്ചാണ് ഈ പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

23) 4). ഇംപ്ലിമെന്റേഷൻ എഗ്രിമെന്റിലെ നിബന്ധനകൾ പ്രകാരം ആദ്യഗഡുവായ 50% തുക (11 ലക്ഷം) പദ്ധതി അനുവദിച്ച് ലെറ്റർ ഓഫ് അലോട്ട്മെന്റിന് ഒരു മാസത്തിനകവും ബാക്കി 50% തുക പദ്ധതിയുടെ TEFR (Techno Economic Feasibility Report) സമർപ്പിക്കുന്ന സമയത്തും (15 മാസത്തിനുള്ളിൽ) പ്രസ്തുത കമ്പനി സർക്കാരിലേക്ക് നല്കിയിട്ടുണ്ട്. പദ്ധതിയുടെ ദർഘാസ് സമയത്ത് കെ.എസ്.ഇ.ബി യുടെ Investigation Circle

Kothamangalam - ത്തിനു കീഴിലുള്ള കോന്നിയിലെ Investigation Field division ൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളായിരുന്നു സംരംഭകർക്ക് നൽകിയിരുന്നത്. ഇതിൽ സ്വകാര്യ ഭൂമിയുടെ ആവശ്യം മാത്രമേ ' പ്രസ്തുത പദ്ധതിക്ക് വേണ്ടി കാണിച്ചിട്ടുള്ളു. റവന്യൂ / വനം വകുപ്പ് ഭൂമിയുടെ വിവരങ്ങൾ അതിൽ ലഭ്യമായിരുന്നില്ല..

24) 5). ഇത്തരത്തിലുള്ള BOOT അടിസ്ഥാനത്തിൽ അനുവദിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടത് പദ്ധതി അനുവദിച്ചു കിട്ടിയ കമ്പനിയാണ്. ഈ പദ്ധതിയുടെ വിശദമായ രൂപരേഖ PEMS സമർപ്പിച്ചപ്പോഴും റവന്യൂ/വനഭൂമിയെപ്പറ്റി അതിൽ പരാമർശിച്ചിട്ടുണ്ടായിരുന്നില്ല.

25) 6). പിന്നീട് സംരംഭകർ സ്വകാര്യ ഭൂമി അളക്കുന്നതിന് വിശദമായ സർവ്വേ നടത്തുമ്പോഴാണ് ഇതിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ റബ്ബർബോർഡിന് വനംവകുപ്പ് പാട്ടത്തിന് കൊടുത്ത ഭൂമിയുടെ ഒരു ചെറിയ അംശം ഉൾപ്പെട്ടിട്ടുണ്ട് എന്ന് സംരംഭകർ അറിയുന്നത്. നിയമപ്രകാരം നേരത്തെ പാട്ടത്തിന് കൊടുത്ത വനഭൂമി വീണ്ടും മറ്റൊരു സ്ഥാപനത്തിൽ പാട്ടത്തിനു കൈമാറ്റം ചെയ്ത് എടുക്കുന്ന അവസരത്തിൽ വനംവകുപ്പിന്റെ എല്ലാ അനുമതികളും വിണ്ടും എടുക്കേണ്ടതായിട്ടുണ്ട്.

26) 7). പ്രസ്തുത സംരംഭക കമ്പനിയും സർക്കാരുമായി എർപ്പെട്ട് നടപ്പാക്കൽ കരാറിലെ ആർട്ടിക്കിൾ 5 - ക്ലോസ് 5.1 പ്രകാരം രൂപരേഖ അംഗീകരിച്ചശേഷം 33 മാസത്തിനുള്ളിൽ പദ്ധതി അനുവദിച്ചു കിട്ടിയ കമ്പനി ഈ പദ്ധതിയ്ക്കാവശ്യമായ എല്ലാ അനുവാദങ്ങളും വാങ്ങേണ്ടതാണ്. അതിനാൽ അനുവാദങ്ങൾ ലഭ്യമാക്കേണ്ടത് കമ്പനിയുടെ പരിധിയിൽ വരുന്ന കാര്യമാണ്.

27) 8). ഈ പദ്ധതിയ്ക്കും ഇതിനു സമാനമായി സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും പദ്ധതികൾക്കും വനംവകുപ്പിൽ നിന്നു ക്ലിയറൻസ് ലഭിക്കുന്നതിനുള്ള നീണ്ട കാലതാമസം ഈ പദ്ധതിയേയും ബാധിച്ചിട്ടുണ്ട് എന്ന്

സംരംഭകർ എനർജി മാനേജ്മെന്റ് സെന്ററിലെ SHP സെല്ലിൽ അറിയിച്ചിട്ടുള്ളതും അതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ചെയർമാനായ സമിതി വിശകലനം ചെയ്ത് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

28) 9). പദ്ധതിയ്ക്കാവശ്യമായ വനഭൂമി പാട്ടത്തിനു കിട്ടുവാൻ കേരള വനംവകുപ്പ് വഴി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അനുമതിയ്ക്കായി സമർപ്പിക്കുമ്പോൾ പദ്ധതിയ്ക്കായി വേണ്ടി വരുന്ന വനഭൂമിയിൽ ട്രൈബൽ സെറ്റിൽമെന്റിൽപ്പെടുന്ന സ്ഥലമില്ല എന്നുള്ള വിവരം അതതു ജില്ലാകളക്ടർ മുഖാന്തിരം വനം വകുപ്പിലേക്ക് അറിയിപ്പ് ലഭ്യമാക്കേണ്ടതുണ്ട്. റാന്നി DFO, മേൽപറഞ്ഞ വനഭൂമിയിൽ ട്രൈബൽ സെറ്റിൽമെന്റിൽ ഉൾപ്പെടുന്ന സ്ഥലമില്ല എന്ന വിവരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

29) 10). എന്നാൽ സംരംഭകൻ ഓൺ ലൈനായി വനം മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും പത്തനംതിട്ട ജില്ലാകളക്ടറിൽ നിന്ന് ഗോത്രവർഗ്ഗക്കാരെ ഈ പദ്ധതികാരണം പുനരധിവസിപ്പിക്കേണ്ട ആവശ്യം വരില്ലായെന്നുള്ള വിവരം ലഭ്യമാകാത്തതിനാൽ കേരള വനംവകുപ്പ് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ അനുവാദത്തിനായി ശുപാർശ ചെയ്തിട്ടില്ല. കേരള സർക്കാരിൽ നിന്ന് ഈ വിവരങ്ങൾ കിട്ടിയിട്ടില്ലായെന്നു 22.10.2018 ലും 14.08.2019 ലും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MOEF&CC), സംസ്ഥാന വനംവകുപ്പിനെ അറിയിച്ചിട്ടുണ്ട്.

30) 11). തുടർന്ന്, 2016 ലെ ഫോറസ്റ്റ് കൺസർവേഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്തിലെ ഗ്രാമസഭകൂടി അനുമതി നൽകിയാൽ മാത്രമേ തുടർനടപടികൾ കൈകൊള്ളുവാൻ നിർവാഹമുള്ളുയെന്നു പത്തനംതിട്ട ജില്ലാകളക്ടർ പത്തനംതിട്ട ട്രൈബൽ ഡെവലപ്പ്മെന്റ് ആഫീസറെ അറിയിച്ചിരുന്നു. ഈ വനഭൂമി റബ്ബർ ബോർഡിന്റെ കൈവശമുള്ള പാട്ടഭൂമിയാണെങ്കിലും ഈ നിയമങ്ങൾ ചൂണ്ടിക്കാട്ടി ഈ പദ്ധതിയുടെ വനഭൂമി ലഭ്യമാക്കാനുള്ള അപേക്ഷ നാളിതുവരേയും വനംവകുപ്പിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അയക്കുവാൻ

കഴിഞ്ഞിട്ടില്ല. സർക്കാരുമായി Implementation Agreement ഒപ്പിട്ടതും 15.9.2015 ന് രൂപരേഖ അംഗീകരിച്ചതും ആയ ഈ പദ്ധതിയ്ക്ക് ഇതിനോടകം തന്നെ അഞ്ചുകൊല്ലം കാലതാമസം ഉണ്ടായിരിക്കുകയാണ്. അതിനാൽ ഇനിയും അംഗീകാരം കിട്ടിയാൽ തന്നെ ഇതിന് ഏകദേശം ചുരുങ്ങിയത് ഒരു കൊല്ലം കൂടി ആവശ്യം വന്നേക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനാൽ സംരംഭകന് ഉപയുക്തമായ BOOT കാലാവധി 24 കൊല്ലമായി പരിമിതപ്പെട്ടും. . ഈ കാലതാമസം പദ്ധതി ചെലവ് കൂടുന്നതിനും BOOT കാലാവധി കുറയ്ക്കുന്നതിനും കാരണമായി എന്ന് കാണാവുന്നതാണ്.

31) 12). മുൻ പറഞ്ഞ കാരണങ്ങളാൽ ഈ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ താല്പര്യമില്ലായെന്ന് PEMS അറിയിച്ചിരിക്കുന്നു. ഇതിനു സമാനമായ താഴെപറയുന്ന പദ്ധതികൾ G.O(Ms)No.11/2018/PD dated 28.8.2018 പ്രകാരം റദ്ദാക്കുകയും 25% പ്രീമിയം തുക സർക്കാർ ചിലവുകൾക്ക് മാറ്റിവച്ച് ബാക്കി 75% പ്രീമിയം തുക തിരികെ നല്കുകയുമുണ്ടായി.

| നമ്പർ | പദ്ധതി | സംരംഭകർ |
|---|---|---|
| 1 | 2 MW കഴുത്തുരുത്തി (കൊല്ലം ജില്ല) | സിയാൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, കൊച്ചി |
| 2 | 2 MW കൊക്കമുളള് (കണ്ണൂർ ജില്ല) | |
| 3 | 2.2 MW ഉറുമ്പിനി (പത്തനംതിട്ട ജില്ല) | |
| 4 | 2 MW കുതിരചാട്ടം (കാസർഗോഡ് ജില്ല) | ശ്രീ ശരവണ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുച്ചിറപ്പള്ളി |
| 5 | 2 MW മാലോത്തി I (കാസർഗോഡ് ജില്ല) | |

32) 13). മേല്പറഞ്ഞ കാരണങ്ങളാൽ ഈ കാലതാമസത്തെ നടപ്പാക്കൽ കരാർ പ്രകാരം ഗവൺമെന്റ് ഇവന്റ് ഓഫ് ഡീഫാൾട്ട് ആക്കി കണക്കാക്കാവുന്നതും പദ്ധതിയ്ക്കായി പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ്

അടച്ച ആകെ പ്രീമിയം തുകയായ 22 ലക്ഷം രൂപയുടെ 25% സർക്കാരിൽ നിലനിർത്തികൊണ്ട് ബാക്കിയുള്ള 75% തുകയായ 16.50 ലക്ഷം രൂപാ PEMS ന് നല്കാവുന്നതാണെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

33 14). മേൽ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

പി.ഇ.എം.എസ് എഞ്ചിനീയറിംഗ് കൺസൽട്ടന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിച്ച മാടത്തരുവി (1 MW) ചെറുകിട ജലവൈദ്യുത പദ്ധതിയുടെ അനുമതി റദ്ദ് ചെയ്ത് ആകെ പ്രീമിയം തുകയുടെ 25% സർക്കാരിൽ നിലനിർത്തിക്കൊണ്ട് ബാക്കി 75% (16.50 ലക്ഷം രൂപ) തിരികെ നൽകാനുള്ള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ നിർദ്ദേശം അംഗീകരിക്കാമോ?.